"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ്- എക്സൈസ് -കൊല്ലം ജില്ലയിലെ പുനലൂരിൽ പ്രവർത്തിച്ചു വന്നിരുന്ന മുരുഗൻ ഫാർമയിൽ മേൽനോട്ട ചുമതലയ്ക്കായി അനുവദിച്ചിരുന്ന എക്സൈസ് ഉദ്യോഗസ്ഥരുടെ തസ്തികകൾ പിൻവലിക്കുന്നതിന് അനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി(എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.**1070/2025/TAXES** തീയതി,തിരുവനന്തപുരം, **15-12-2025**

---

പരാമർശം:- **1.** എക്സൈസ് കമ്മീഷണറുടെ **09.04.2025**-ലെ ഇ.എക്സ്.സി/**1454** / **2025**-എക്സ്.സി **2** നമ്പർ കത്ത്

**ഉത്തരവ്**

കൊല്ലം ജില്ലയിലെ പുനലൂരിൽ പ്രവർത്തിച്ചിരുന്ന മുരുഗൻ ഫാർമയിൽ നിർമ്മിച്ചു വന്നിരുന്ന അലോപ്പതി മരുന്നുകൾ ഭാരത സർക്കാർ നിരോധിച്ച കാരണത്താൽ തങ്ങളുടെ നിർമ്മാണ യൂണിറ്റിലെ മരുന്നുകളുടെ ഉൽപാദനം, വിതരണം, വിൽപ്പന എന്നിവ **21.08.2024** മുതൽ നിർത്തി വച്ചതായും തങ്ങൾക്ക് അനുവദിച്ചിട്ടുള്ള എക്സൈസ് ലൈസൻസുകൾ **2025-26** സാമ്പത്തിക വർഷത്തിൽ പുതുക്കുന്നില്ലെന്നും സ്ഥാപനത്തിലേക്ക് മേൽനോട്ട ചുമതലയ്ക്കായി അനുവദിച്ചിരുന്ന ഉദ്യോഗസ്ഥരെ പിൻവലിക്കണം എന്നും ആവശ്യപ്പെട്ട് ലൈസൻസി അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും ആയതിനാൽ ടി സ്ഥാപനത്തിൽ മേൽനോട്ട ചുമതലയ്ക്കായി നിയോഗിച്ചിരുന്ന ഒരു എക്സൈസ് ഇൻസ്പെക്ടർ, രണ്ട് സിവിൽ എക്സൈസ് ഓഫീസർ എന്നീ തസ്തികകൾ പിൻവലിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശിത കത്ത് പ്രകാരം എക്സൈസ് കമ്മീഷണർ അഭ്യർത്ഥിച്ചിട്ടുണ്ട്.

**2.** സർക്കാർ ടി വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. കൊല്ലം ജില്ലയിലെ പുനലൂരിൽ പ്രവർത്തിച്ചുവന്നിരുന്ന മുരുഗൻ ഫാർമയിൽ

മേൽനോട്ട ചുമതലയ്ക്കായി അനുവദിച്ചിരുന്ന ഒരു എക്സൈസ് ഇൻസ്പെക്ടർ, രണ്ട് സിവിൽ എക്സൈസ് ഓഫീസർ എന്നീ തസ്തികകൾ പിൻവലിക്കുന്നതിനും ടി തസ്തികകൾ അടുത്തു വരുന്ന ഒഴിവുകളിൽ ഉൾക്കൊള്ളിക്കുന്നതിനും എക്സൈസ് കമ്മീഷണർക്ക് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രമോദ് എം വി
അഡിഷണൽ സെക്രട്ടറി

1.എക്സൈസ് കമ്മീഷണർ,തിരുവനന്തപുരം
2.അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ് -ഇ.ആർ.എസ്.എ) കേരളം, തിരുവനന്തപുരം.
3.ധനകാര്യ വകുപ്പ് (11/11/2025-ലെ EXP-B1/531/2025-FIN പ്രകാരം)
4. വെബ്& ന്യൂ മീഡിയ
5. കരുതൽ ഫയൽ /ഓഫീസ് കോപ്പി(F1/125/2025/Taxes)

ഉത്തരവിൻ പ്രകാരം
Signed by
Hemalatha Das
Date: 10-12-2025 09:06:39